Sl. No.

# SSLC MODEL EXAMINATION, MARCH - 2022

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

**വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് സമാശ്വാസ സമയം ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- വ്യത്യസ്ത സ്കോറുകളുള്ള ചോദ്യങ്ങൾ വിവിധ പാർട്ടുകളിലായാണ് നൽകിയിരിക്കുന്നത്.
- ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് 40 സ്കോർ ആയിരിക്കും പരമാവധി ലഭിക്കുക.

Score

### പാർട്ട് - I

**1 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.**

**(A) 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **4x1=4**

**1.** ''തമ്പ്രാ, ഏനു നെല്ലു കൂലി മതി. ചക്രം മേണ്ട''.
കോരൻ ഇങ്ങനെ പ്രതികരിച്ചതെന്തുകൊണ്ട് ?

- പണത്തോടുള്ള അനിഷ്ടം
- നെല്ലിന്റെ അമിതവില
- പണത്തിന് ആവശ്യമില്ലായ്മ
- നെല്ലിന്റെ വിലക്കുറവ്

**2.** ''മാർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ <u>എതിരുപിടിക്കുക</u> എന്നത് മത്തായിയുടെ വ്രതമായി''
അടിവരയിട്ട പദത്തിന് ഏറ്റവും യോജിച്ച ആശയം ഏത് ?

- അനുകൂലമായി പ്രവർത്തിക്കുക
- അനുയോജ്യമായത് ചെയ്യുക
- പ്രതികൂലമായി നിൽക്കുക
- പ്രതിഫലം ആഗ്രഹിക്കുക.

Score

3. ''പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ -
രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു.''
ഈ വരികളിൽ തെളിയുന്നതെന്ത് ?
   - തെരുവു പട്ടിയുടെ ദൈന്യത
   - അമ്മയോടുള്ള ദേഷ്യം
   - സ്വന്തം കുഞ്ഞിനോടുള്ള സ്നേഹം
   - മകനോടുള്ള സഹതാപം

4. ''പഴയൊരു പുള്ളുവനാണല്ലോ ഞാൻ''
(ഓണമുറ്റത്ത്)
ഇവിടെ പുള്ളുവൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?

5. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.
ചികിത്സിക്കാനും രക്ഷിക്കാനുമുള്ള വഴികൾ ആരാഞ്ഞു. ഒന്നും കണ്ടുകിട്ടിയില്ല.

6. ''ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്കു തോന്നീട്ടില്ല.''
(ഓരോ വിളിയും കാത്ത്)
അമ്മയുടെ ഈ വാക്കുകളിലെ സൂചനയെന്ത് ?

**(B) 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** 3x1=3

7. ''എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ''
(പണയം)
ചാക്കുണ്ണി ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത് ?
   - റേഡിയോ പണയം വച്ചു
   - മകന്റെ അകാല വേർപാട്
   - അളവുകൾ തെറ്റി തയ്ച്ചു
   - ചെമ്പുമത്തായി ചതിച്ചു.

8. ''നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ
ബിംബമീയാതിഥ്യശാലയിൽ ശോഭനം''
ഈ വരികൾ നൽകുന്ന സൂചനയെന്ത് ?
   - മാതൃഭാഷയോടുള്ള ആദരവ്
   - അന്യഭാഷയോടുള്ള അനിഷ്ടം
   - മാതൃഭാഷയോടുള്ള അവഗണന
   - വിദേശികളോടുള്ള സ്നേഹം

Score

9. ''പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ് .''
ഈ പ്രസ്താവനകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
- പത്രങ്ങൾ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നു.
- പത്രവാർത്തകളെല്ലാം സത്യമാണ്.
- പത്രങ്ങൾ വലിയ സേവനം ചെയ്യുന്നില്ല.
- പത്രവാർത്തകൾ പലതും സത്യവിരുദ്ധമാണ്.

**പാർട്ട് - II**

**10 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം.**

**(A) താഴെ നൽകിയിട്ടുള്ള ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** 1x2=2

10. ''അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.''
അടിവരയിട്ട പ്രയോഗം നൽകുന്ന സൂചനകൾ വ്യക്തമാക്കുക.

**(B) 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** 1x2=2

11. ''ഓരോന്നിനോരോ മൊഴിച്ചന്ത, മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും
അമ്മയ്ക്കു മാത്രം തരാൻ കഴിയുന്നതാം
വെൺമയും ഞാനാകുമോർമ്മതൻ ഭൂമിയും.''
ഈ വരികളിൽ സൂചിതമാവുന്ന മാതൃഭാഷയുടെ രണ്ട് സവിശേഷതകൾ കണ്ടെത്തി എഴുതുക.

12. ''ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു.''
അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥതലം കണ്ടെത്തുക.

**പാർട്ട് - III**

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.**

**(A) 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 3x3=9

13. ''വിൽക്കാനുള്ളതല്ല, ആളുകൾക്ക് ഒന്നും രണ്ടും പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ എന്നായിരുന്നു കൊച്ചുചക്കരച്ചിയുടെ നില''
– കൊച്ചു ചക്കരച്ചിയെക്കുറിച്ചുള്ള ഈ നിരീക്ഷണം നമുക്കു നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം ?

Score

14. ''അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ് ! ഒരു തരത്തിലും ആ തെറ്റു ന്യായീകരിക്കാവുന്നതല്ല.''

(പ്ലാവിലക്കഞ്ഞി)

കോരന്റെ കുറ്റബോധത്തിനുള്ള കാരണം വിശകലനം ചെയ്യുക.

15. ''നല്ലതുതന്നെ നാം കാണുമാറാവുക

നല്ലതുതന്നെ നാം കേൾക്കുമാറാവുക.''

ഈ വരികളിലെ ആശയം 'കോഴിയും കിഴവിയും' എന്ന കഥയിലെ മത്തായിയുടെ അമ്മ എന്ന കഥാപാത്രത്തിന് എത്രമാത്രം അനുയോജ്യമാണ് ? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

16. ''നല്ല വെള്ളോല്ല, നിലാവുല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഒള്ളത് ?''

അമ്മയുടെ ഈ വാക്കുകളിൽ തെളിയുന്ന ആശങ്കകൾ എന്തെല്ലാം ? വിശദമാക്കുക.

(B) ചുവടെ നൽകിയിട്ടുള്ള ചോദ്യത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. 1x3=3

17. ''ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏകഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം.''

ശ്രീനാരായണഗുരുവിനെക്കുറിച്ചുള്ള ഈ പ്രസ്താവനയെ സാധൂകരിക്കുന്ന മൂന്ന് സൂചനകൾ എഴുതുക.

**പാർട്ട് - IV**

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

(A) **18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 2x4=8

18. ''നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.''

''കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തുവരുത്തുകയില്ല'' എന്ന ഒറ്റ ഉറച്ചനിലയായിരുന്നു അമ്മയ്ക്ക്.

കൊച്ചുചക്കരച്ചി മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥയാണോ ? തന്നിരിക്കുന്ന സൂചനകളും പാഠഭാഗത്തെ മറ്റ് ആശയങ്ങളും ഉൾപ്പെടുത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക.

Score

19. ''മലയാളത്തറവാട്ടിന്നങ്കണ -
മണിപീഠത്തിലിരുത്തൂ, ഞങ്ങടെ
കൊച്ചുകിനാവുകൾ തേടിയലഞ്ഞു മ-
ലർക്കളമെഴുതിക്കാത്തോരരചനെ !''

(ഓണമുറ്റത്ത്)

കവിയെ അഭിമാനം കൊള്ളിച്ച ഓണസംസ്കാരത്തിന് പുതിയ കാലത്തിൽ മാറ്റം വന്നിട്ടുണ്ടോ ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

20 '' ഇവിടെ അമ്മയെ തനിച്ചുനിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ.''

(ഓരോ വിളിയും കാത്ത്)

''ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു.''

(അമ്മത്തൊട്ടിൽ)

രണ്ടു സന്ദർഭങ്ങളിലെയും മക്കളുടെ പ്രവൃത്തികൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**(B) 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ 1 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 1x4=4

21. ''ഈ റേഡിയോം പാട്ട്വക്കെ ഇനിക്കത്ര പിടിത്തല്ല്യ. മന്ഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള് ! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം''

(പണയം)

തന്നിരിക്കുന്ന സൂചനയോടൊപ്പം കഥയിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് ചെമ്പുമത്തായി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

22. ''പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.''

(പത്രനീതി)

ഈ നിരീക്ഷണം സമകാലിക വാർത്താമാധ്യമങ്ങളെക്കുറിച്ചും പ്രസക്തമാണോ ? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

Score

## പാർട്ട് - V

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് 5 സ്കോർ വീതം.**

(A) **23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 1x5=5

**23.** ''ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചുകഴിയുന്നത്!''

(പ്ലാവിലക്കഞ്ഞി)

കോരന്റെ അച്ഛനെപ്പോലെ ദുരിതങ്ങൾ മാത്രം അനുഭവിക്കുന്നവരായിരുന്നോ കർഷകത്തൊഴിലാളികൾ ? സൂചനയോടൊപ്പം പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗവും ആനുകാലിക സംഭവങ്ങളും വിശകലനം ചെയ്ത് 'കർഷകരുടെ പ്രശ്നങ്ങൾ – അന്നും ഇന്നും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**24.** ''അങ്ങനെ മുകളിൽ നിന്നു കീഴോട്ടുർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു. രണ്ടുപേർക്കും അവരവരുടെ കാര്യമായി. ചെറുപ്പത്തിലെ ചെങ്ങാത്തം തേഞ്ഞുമാഞ്ഞു ''

(കോഴിയും കിഴവിയും)

സാമ്പത്തികമായ അതിമോഹങ്ങൾ സംഘർഷങ്ങൾക്ക് കാരണമാകുന്നുണ്ടോ ? കോഴിയും കിഴവിയും എന്ന കഥയുടെ അടിസ്ഥാനത്തിൽ പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

- o 0 o -